# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.07/PR/PIC/PHQ/18 Date : 17.01.2018

---

## പാരിതോഷികം പ്രഖ്യാപിച്ചു

ഇക്കഴിഞ്ഞ ഡിസംബര്‍ 13ന് കാസര്‍ഗോഡ് ചീമേനി പുലിയന്നൂരില്‍ റിട്ട. അധ്യാപിക ജാനകിയെ കൊലപ്പെടുത്തിയതും ഭര്‍ത്താവ് കെ.കൃഷ്ണനെ വധിക്കാന്‍ ശ്രമിച്ചതുമായി ബന്ധപ്പെട്ട് ചീമേനി പോലീസ് സ്റ്റേഷനില്‍ ക്രൈം നമ്പര്‍ 403/2017 ആയി രജിസ്റ്റര്‍ ചെയ്ത കേസില്‍ പ്രതികളെ കണ്ടെത്തുന്നതിലേക്ക് നയിക്കുന്ന വിവരങ്ങള്‍ നല്‍കുന്നവര്‍ക്ക് രണ്ടുലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ച് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഉത്തരവായി. വിവരങ്ങള്‍ നല്‍കുന്ന ആളുടെ പേരും മറ്റ് വിശദാംശങ്ങളും രഹസ്യമായി സൂക്ഷിക്കും. വിവരങ്ങള്‍ താഴെപ്പറയുന്ന വിലാസത്തിലോ ഫോണ്‍ നമ്പരിലോ അറിയിക്കാവുന്നതാണ്.

**കെ.ജി.സൈമണ്‍ ഐ.പി.എസ്**
ജില്ലാ പോലീസ് മേധാവി
കാസര്‍ഗോഡ്.

**ഫോണ്‍ (ഓഫീസ്) : 04994 – 257401, മൊബൈല്‍ : 9497996972**

**ഇ-മെയില്‍ : spksgd.pol@kerala.gov.in**

കാസര്‍ഗോഡ് ജില്ലാ പോലീസ് സൂപ്രണ്ട് കെ.ജി.സൈമണ്‍-ന്റെ നേതൃത്വത്തില്‍ കേസിന്റെ അന്വേഷണത്തിനായി കൂടുതലാളുകളെ ഉള്‍പ്പെടുത്തി വിപുലീകരിച്ച പ്രത്യേക അന്വേഷണ സംഘത്തിനും രൂപം നല്കി.

കാഞ്ഞങ്ങാട് ഡിവൈ.എസ്.പി. കെ.ദാമോദരന്‍, കാസര്‍ഗോഡ് ഡിവൈ.എസ്.പി പ്രദീപ്കുമാര്‍, നീലേശ്വരം ഇന്‍സ്പെക്ടര്‍ വി.ഉണ്ണികൃഷ്ണന്‍, ഹോസ്ദുര്‍ഗ് ഇന്‍സ്പെക്ടര്‍ സി.കെ.സുനില്‍കുമാര്‍, കാസര്‍ഗോഡ് ഇന്‍സ്പെക്ടര്‍ അബ്ദുള്‍ റഹിം, എസ്.ഐ.മാരായ കെ.എന്‍.രമണന്‍, ഫിലിപ്പ് തോമസ്, വി.സുരേന്ദ്രന്‍, എ.എസ്.ഐ.മാരായ ബാബു, നാരായണന്‍, ബാലകൃഷ്ണന്‍, സീനിയര്‍ സിവില്‍ പോലീസ് ഓഫീസര്‍മാര്‍, സിവില്‍ പോലീസ് ഓഫീസര്‍മാര്‍ എന്നിവരുള്‍പ്പെടെ 24 പേരാണ് അന്വേഷണ സംഘത്തിലുള്ളത്.

**************